# ആമുഖം

എറണാകുളം - അങ്കമാലി അതിരൂപത മതബോധന പ്രവർത്തനങ്ങൾ ദൈവാനുഗ്രഹത്താലും, 5300 മതാദ്ധ്യാപകരുടെയും അവർക്കു നേതൃത്വം നൽകുന്ന ദൈവാനുഭവമുള്ള വൈദികരുടെയും വിശ്വാസത്തിലൂന്നിയ പ്രവർത്തനങ്ങളാലും, അഭിവന്ദ്യ പിതാക്കന്മാരുടെ അകമഴിഞ്ഞ പിന്തുണയോടെയും ഏറെ ഭംഗിയായി നടക്കുന്നു എന്നു പറയുവാൻ സന്തോഷമുണ്ട്. അതിരൂപതയുടെ 2015-2016 മതബോധന അദ്ധ്യയനവർഷ പ്രവർത്തന റിപ്പോർട്ട്.

## 2015-2016 മതബോധന വർഷ പ്രവർത്തന റിപ്പോർട്ട്

## അദ്ധ്യയനവർഷ ഉദ്ഘാടനം, അവാർഡ് ദാനം

ആഗോള കത്തോലിക്ക സഭയോട് ചേർന്ന് "സമർപ്പിത ജീവിതം വിശ്വാസ സാക്ഷ്യത്തിന്" എന്ന ആപ്തവാക്യവുമായി 2015-2016 മതബോധന അധ്യയന വർഷാരംഭം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. മതബോധന കേന്ദ്രം ഡയറക്ടർ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് അധ്യക്ഷ പ്രസംഗത്തിലൂടെ മതാദ്ധ്യാപകരുടെ ഗൗരവമായ ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊണ്ട് അവരുടെ നിസ്വാർത്ഥമായ സേവനങ്ങൾക്കു സ്നേഹാദരവുകൾ അർപ്പിച്ചു. 2015-2016 മതബോധന വർഷ വിജയികൾക്ക് അഭിനന്ദനങ്ങൾ ആശംസിച്ചുകൊണ്ട് മതബോധന സന്മാർഗ ശാസ്ത്ര പഠനത്തിൽ എ+ നേടിയവർക്ക് സ്കോളർഷിപ്പുകളും സ്നേഹോത്സവത്തിനു വേണ്ടി പവർപോയന്റ് പ്രസന്റേഷൻ തയ്യാറാക്കിയ ഇടവകകൾക്ക് പ്രോത്സാഹന സമ്മാനങ്ങളും വിതരണം ചെയ്തു.

## സമർപ്പിതജീവിതം വിശ്വാസസാക്ഷ്യത്തിന്

സമർപ്പിതജീവിതം വിശ്വാസസാക്ഷ്യത്തിന് എന്ന ആപ്തവാക്യത്തിന് അനുയോജ്യമായ ധാരാളം കാര്യങ്ങൾ ഇടവകതലത്തിൽ ക്രമീകരിച്ചു. ദൈവവിളി പ്രോത്സാഹനം, സഭയിൽ സമർപ്പിത ജീവിതത്തിനുള്ള പ്രാധാന്യം തുടങ്ങിയ മൂല്യങ്ങൾ ഇളം മനസുകളിൽ രൂഢമൂലമാകാൻ തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു. സന്യാസത്തിന്റെ നന്മകളെക്കുറിച്ച് ചിന്തിക്കുവാനും സന്യാസത്തിന്റെ സന്തോഷത്തേയും ആനന്ദത്തേയും കുട്ടികൾക്കും മുതിർന്നവർക്കും പരിചയപ്പെടുത്തുവാനും ഉതകുന്ന രീതിയിൽ വിവിധ സന്യാസ സഭകളിലെ ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും മികവുറ്റ ജീവിതസാക്ഷ്യങ്ങളെ ഉൾച്ചേർത്തുകൊണ്ട് 'ആനന്ദത്തിന്റെ സാക്ഷികൾ' എന്ന പേരിൽ ഡോക്യുമെന്ററി തയ്യാറാക്കി എല്ലാ ഇടവകകളിലേക്കും നൽകി. കുട്ടികൾക്ക് സന്യാസ ജീവിതത്തിന്റെ വെല്ലുവിളികളെക്കുറിച്ച് അറിവുപകരുവാനും സമർപ്പിത ജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ബോധ്യം നൽകുവാനും ഉപകരിക്കുന്ന രീതിയിലാണ് ഇത് തയ്യാറാക്കിയത്. സമർപ്പിത വർഷത്തിന്റെ ലക്ഷ്യത്തേയും പ്രാധാന്യത്തേയും കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്ന കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സന്ദേശം ഡോക്യുമെന്ററിയോടൊപ്പം നൽകി.

## പുതിയ അസംബ്ലിഗാനം

കഴിഞ്ഞകുറെ വർഷങ്ങളായി 'ത്രിത്വൈക ദൈവമേ' എന്നു തുടങ്ങുന്ന ഗാനമാണല്ലോ അസംബ്ലിഗാനമായി പാടിയിരുന്നത്. കഴിഞ്ഞ വർഷം മുതൽ 'വിശ്വാസ ദായകാ' എന്നു തുടങ്ങുന്ന പുതിയ അസംബ്ലി ഗാനം എല്ലാ യൂണിറ്റുകളിലും ഉപയോഗിക്കുന്നു. ഈ അസംബ്ലി ഗാനം രചിച്ച അച്ചിനകം ഇടവകയിലെ മതാദ്ധ്യാപകനായ ജീസ് പി. പോളിനും സംഗീതം നൽകിയ ബഹു. ജോയി പെരുമായനച്ചനും നന്ദി.

## പുത്തൻ ഉണർവോടെ വിശ്വാസപരിശീലനത്തിലേക്ക്...

2015 മെയ്യ് 31-ാം തിയതി മതാദ്ധ്യാപകർ ഇടവകതലത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനു ശേഷം പുതിയ വർഷ പ്രോഗ്രാമുകൾ തയ്യാറാക്കി. 2015 ജൂൺ 7-ാം തീയതി പ്രവേശ നോത്സവത്തോടെ മതബോധനവർഷം ആരംഭിച്ചു. കുട്ടികൾക്കായിപ്രത്യേക പ്രാർത്ഥനകൾ നടത്തി. മതാ ദ്ധ്യാപകർ സത്യപ്രതിജ്ഞ ചെയ്ത് തങ്ങളുടെ ശുശ്രൂഷകൾ ആരംഭിച്ചു. മാർഗ്ഗനിർദ്ദേശമായി വചനദീപം എല്ലാ മതാദ്ധ്യാപകർക്കും നൽകി.

## ദർശന കൗൺസലിംഗ് കോർണർ...

സങ്കീർണ്ണമായ ജീവിത സാഹചര്യങ്ങളിൽ യാഥാർത്ഥ്യബോധം നഷ്ടപ്പെട്ട കുട്ടികളെ ഈശോയിലേക്ക് കൈപിടിച്ചു നടത്തുന്നതിന് ഇടവകകളോട് ചേർന്ന് കൗൺസലിംഗ് സെന്ററുകൾ പ്രവർത്തന സജ്ജമായി. റവ. ഡോ. പോൾ കരേടനച്ചന്റെ നേതൃത്വത്തിൽ നാലു ഘട്ടങ്ങളായാണ് ദർശന കൗൺസലിംഗ് കോഴ്സ് നടന്നത്. 90 പേർ രജിസ്റ്റർ ചെയ്തതിൽ 83 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കി കൗൺസലിംഗ് ശുശ്രൂഷ ആരംഭിച്ചു.

## സന്മാർഗ ബോധനം ജീവിതമൂല്യ വളർച്ചയ്ക്ക്

സന്മാർഗശാസ്ത്രപഠനത്തിലൂടെ ജീവിതമൂല്യങ്ങളിൽ വളരാൻ മാർഗ്ഗനിർദ്ദേശങ്ങളും മാതൃകയും നൽകിവരുന്ന ബഹു. റെഗുലർ സ്കൂൾ പ്രധാനാധ്യാപകരുടെ യോഗം 2015 സെപ്റ്റംബർ 24-ാം തീയതി റിന്യൂവൽ സെന്ററിൽ കൂടി. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സന്മാർഗശാസ്ത്ര ബോധനവർഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. കെ.സി.ബി.സി വിദ്യഭ്യാസ കൗൺസിൽ സെക്രട്ടറി റവ. ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി ക്ലാസ് നയിച്ചു. അധ്യാപകർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. പ്രധാന അധ്യാപകർക്ക് സ്നേഹോപഹാരം നൽകി. മികച്ച വിജയം കൈവരിച്ച സ്കൂളുകളെ പ്രത്യേകം അഭിനന്ദിച്ചു.

## മതബോധന ശുശ്രൂഷകളുടെ പ്രചോദകരായി ഫൊറോനാ പ്രൊമോട്ടർമാരും സെക്രട്ടറിമാരും

മതബോധന പ്രവർത്തനങ്ങൾക്ക് ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിവരുന്ന ഫൊറോനാ പ്രൊമോട്ടർമാരുടേയും സെക്രട്ടറിമാരുടേയും യോഗം 2015 ജൂൺ 14-ാം തീയതികളിൽ റിന്യൂവൽ സെന്ററിൽവച്ച് നടന്നു. അഭിവന്ദ്യ മാർ ജോസ് പുത്തൻ വീട്ടിൽ പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

ഇവരുടെ സ്നേഹശുശ്രൂഷകൾക്ക് അഭിവന്ദ്യ പിതാവ് നന്ദിയും ദൈവാനുഗ്രഹവും നേർന്നു. മതബോധന കേന്ദ്രം ഡയറക്ടർ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് പുതിയ അധ്യയന വർഷത്തെ കർമ്മപരിപാടികൾ വിശദീകരിച്ച് സംസാരിച്ചു. പ്രമോട്ടേഴ്സ് ഇടവകകളിൽ സന്ദർശനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഓർമ്മപ്പെടുത്തി.

## മതബോധനത്തിലൂടെ അജപാലന ശുശ്രൂഷയിലേക്ക്...

എറണാകുളം – അങ്കമാലി അതിരൂപതയിൽ വിവിധ മതബോധന യൂണിറ്റുകളിൽ ശുശ്രൂഷ ചെയ്യുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ സംഗമം 2015 ജൂൺ 21–ന് ആലുവ സെന്റ്. ഡൊമിനിക്ക് പള്ളിയിൽ വച്ചു നടത്തി. അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. മതബോധനരംഗത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അധ്യക്ഷപ്രസംഗത്തിലൂടെ ആലുവ പള്ളി വികാരി റവ. ഫാ. ജോൺ തെക്കൻ സംസാരിച്ചു. ഇടവക മതബോധനം സജീവമാക്കാനുള്ള വലിയ ഉത്തരവാദിത്വം ബ്രദേഴ്സിനുണ്ടെന്ന് ബഹു. ജിമ്മി പൂച്ചക്കാട്ടച്ചൻ ഓർമ്മിപ്പിച്ചു.

## അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ

2015 ജൂലൈ 11–ാം തിയതി ദിവ്യകാരുണ്യ ആരാധനയോടെ എറണാകുളം–അങ്കമാലി മതാദ്ധ്യാപക കൺവെൻഷന് തുടക്കംക്കുറിച്ചു. 4100 മതാദ്ധ്യാപകർ ഒരുമിച്ചു കൂടി ഈ കൺവെൻഷൻ മനോഹരമാക്കി. അഭിവന്ദ്യ മാർ ജോസ് പുത്തൻ വീട്ടിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് കൺവെൻഷന് അദ്ധ്യക്ഷം വഹിച്ച് സന്ദേശം നൽകുകയും ജൂബിലേറിയൻസിന് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട എടയന്ത്രത്ത് പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. എല്ലാ മതാദ്ധ്യാപകർക്കും വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളുടെ സമാഹാരമായ പുസ്തകം സമ്മാനമായി നൽകി.

## 'ലൂമെൻ ക്രിസ്തി'-യുവജന ഫോറം

വിവാഹജീവിതം വരെ നീളുന്ന വിശ്വാസപരിശീലനം എന്ന ആശയത്തെ മുൻനിർത്തി Lumen Christi Online forum കഴിഞ്ഞ അധ്യയനവർഷത്തിൽ എല്ലാ ആഴ്ചകളിലും കാലിക പ്രധാനമായ വിഷയങ്ങൾ ചർച്ച ചെയ്ത് സജീവമായി പ്രവർത്തിച്ചു. 2016 മാർച്ച് മാസത്തോടുകൂടി 55–ഓളം വിഷയങ്ങൾ ലൂമെൻ ക്രിസ്തി ഫോറത്തിലൂടെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു.

## പരിശീലന പരിപാടികളിലൂടെ മതാദ്ധ്യാപകർ...

2015 ആഗസ്റ്റ് 14–15, ഒക്ടോബർ 10–11 തീയതികളിൽ നടന്ന മതാദ്ധ്യാപക അടിസ്ഥാന പരിശീലനത്തിൽ (BAC) അഞ്ഞൂറോളം അദ്ധ്യാപകർ സംബന്ധിക്കുകയുണ്ടായി. മതബോധനം ജീവിതബന്ധിയും ആകർഷവുമാക്കാനുള്ള പരിശീലന പരിപാടികൾ കളമശ്ശേരി സെന്റ് ജോസഫ് പള്ളിയിലും, കലൂർ റിന്യൂവൽ സെന്ററിലും വച്ച് നടത്തി.

## പഠനത്തോടൊപ്പം ജീവകാരുണ്യവും...

4–ാം ക്ലാസുമുതൽ എല്ലാ ക്ലാസിലും ഇന്റേണൽ അസെസ്സ്മെന്റ് നടത്തുന്നു. 4–ാം ക്ലാസുമുതൽ 9–ാം ക്ലാസുവരെ 30% വും, 10, 11, 12 ക്ലാസുകളിൽ 20%വും ഇന്റേണൽ അസെസ്സ്മെന്റ് മാർക്ക് നൽകുന്നു. ഈ ക്ലാസ്സുകളിൽ പ്രവൃത്തി കേന്ദ്രീകൃത മതബോധനത്തിന് പ്രാധാന്യം നൽകി വരുന്നു. പഠിച്ചറിയുന്ന ഈശോയെ മറ്റുള്ളവർക്കു പകർന്നു നൽകാനുള്ള പരിശീലനത്തിന്റെ ഭാഗമായി എല്ലാ ക്ലാസുകളിലും ഇതു നടപ്പിലാക്കി. പ്രവൃത്തി കേന്ദ്രീകൃതമല്ലാത്ത മതബോധനം മതബോധനമല്ല എന്ന ഉൾക്കാഴ്ചയിലേക്ക് വളരാൻ ഇതു സഹായകമായി. ഓരോ പരീക്ഷയ്ക്കും 8% മാർക്ക് പ്രവൃത്തി കേന്ദ്രീകൃത മതബോധനത്തിനു നൽകുന്നു.

### Alive 2015; Enabling youth to live in and live out Christ

ക്രിസ്തുവിൽ ജീവിക്കാനും ക്രിസ്തുവിനെ ജീവിപ്പിക്കാനും യുവതലമുറയെ ഒരുക്കാൻ വിശ്വാസ പരിശീലനം പൂർത്തിയാക്കുന്ന പ്ലസ്ടു വിദ്യാർത്ഥികൾക്ക് ഫൊറോനാടിസ്ഥാനത്തിൽ ഒരുമിച്ചുകൂടി ചർച്ചകൾ ചെയ്ത് ഉൾക്കാഴ്ചകൾ പങ്കുവയ്ക്കാനൊരവസരം – എലൈവ് 2015 – ഒരുക്കി. ക്രിസ്തുവിന് സജീവ സാക്ഷ്യം നൽകുന്ന വ്യക്തികളുടെ അനുഭവ സാക്ഷ്യം ഈ പ്രോഗ്രാമിന്റെ സവിശേഷതയാണ്.

സഭാതലത്തിൽ നടത്തുന്ന SMCC പ്രതിഭാ സംഗമത്തിൽ പങ്കെടുക്കുവാൻ എലൈവിൽ നിന്നാണ് 4 പേരെ അതിരൂപതാതലത്തിലേക്ക് തെരഞ്ഞെടുത്തത്. അതിൽ ജോയൽ ജോർജ്ജ് ചെമ്പകശ്ശേരി വാഴക്കാല ഇടവക സഭാതലത്തിൽ പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു.

### ENLIGHT -2015; ശരിയായ ലൈംഗിക വിജ്ഞാനം

ലൈംഗിക അരാജകത്വം വർദ്ധിച്ചു വരുന്ന കാലഘട്ടത്തിൽ ശരിയായ ലൈംഗികവിജ്ഞാനവും മൂല്യബോധവും പകരാൻ എറണാകുളം – അങ്കമാലി അതിരൂപതാമതബോധനകേന്ദ്രം ഫൊറോനാതലങ്ങളിൽ 8–ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ഏകദിന ശിൽപശാല – ENLIGHT 2015 നടത്തി.

## പഠനത്തോടൊപ്പം സോഷ്യൽ ഔട്ട്റീച്ച്, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമുകൾ...

ഡിപ്ലോമ ഒന്നാം വർഷ കുട്ടികൾക്ക് പഠനത്തോടൊപ്പം ഔട്ട്റീച്ച് പ്രോഗ്രാമും ഡിപ്ലോമ രണ്ടാം വർഷ കുട്ടികൾക്ക് അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമും നടത്തുന്നു. വിശ്വാസപരിശീലനത്തോടൊപ്പം സാമൂഹ്യജീവിതത്തിൽ പാവങ്ങളോട് പക്ഷംചേർന്ന് വിശ്വാസം എങ്ങനെ ജീവിക്കുകയും പ്രഘോഷിക്കുകയും വേണം എന്ന് കുട്ടികളെ പരിശീലിപ്പിക്കുക എന്നതാണിതിന്റെ ലക്ഷ്യം.

എൻട്രൻസ് കോച്ചിംഗിനും മറ്റും പോകുന്നതിനാൽ വേദപാഠ ക്ലാസിൽ വരുവാൻ സാധിക്കാത്ത പ്ലസ്വൺ, പ്ലസ്ടു കുട്ടികൾക്ക് അതിരൂപത മതബോധനകേന്ദ്രം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് നടത്തി. ആ കുട്ടികളും ഇടവകയിലെ ഔട്ട് റീച്ച് പ്രോഗ്രാമിനും ഫൊറോനാതലത്തിലുള്ള അഹശ്ലനും പങ്കെടുത്തിരുന്നു.

## ലോഗോസ് ക്വിസ് രജിസ്ട്രേഷനിൽ ഒന്നാമത്...

കെ.സി.ബി.സി. നടത്തിയ ലോഗോസ് ക്വിസ് 2015 മത്സരത്തിൽ 67838 പേർ രജിസ്റ്റർ ചെയ്ത് 16–ാം തവണയും സംസ്ഥാനതല പുരസ്കാരം നേടി. അതിരൂപതാ തലത്തിൽ അങ്കമാലി ബസിലിക്കാ പള്ളി (2335), കൊരട്ടി സെന്റ് മേരീസ് ഫൊറോനാ പള്ളി (1912), കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോനാ പള്ളി (1718) എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. 2015 ഡിസംബർ 13–ാം തീയതി അതിരൂപതാതലത്തിൽ റാങ്ക് നേടിയവർക്ക് അഭിവന്ദ്യ മാർ തോമസ് ചക്യേത്ത് പിതാവ് അഭിനന്ദനം അറിയിച്ചുകൊണ്ട് അവാർഡുകൾ വിതരണം ചെയ്തു. ഫാമിലി ലോഗോസ് ക്വിസ് 2015–ൽ 649 കുടുംബങ്ങൾ പങ്കെടുത്തു. 29 കുടുംബങ്ങൾ 75%ത്തിലധികം മാർക്ക് വാങ്ങി 5000 രൂപയുടെ ക്യാഷ് അവാർഡിനും ട്രോഫിക്കും അർഹരായി.

## പഠനനിലവാരം പ്രത്യേക പരിഗണന വിഷയമാക്കി...

ഓരോ സെമസ്റ്ററിലും 80% (35–ൽ 28 മാർക്ക് മിനിമം) ഉള്ളവരെ മാത്രമാണ് സ്കോളർഷിപ്പിനു പരിഗണിച്ചത്. കുട്ടികളുടെ പ്രമോഷന് ടലുമ്യമലേ  മിനിമം ബാധകമല്ല. 80%ത്തിൽ കൂടുതൽ മാർക്കുള്ള പേപ്പറുകൾ അതിരൂപതാ കേന്ദ്രത്തിൽ പുനർമൂല്യ നിർണ്ണയം നടത്തി സ്കോളർഷിപ്പിനർഹരായവരെ കണ്ടെത്തി. 4–ാം ക്ലാസുമുതൽ 9–ാം ക്ലാസുവരെയുള്ള 365 കുട്ടികൾ സ്കോളർഷിപ്പിനർഹരായി. കുട്ടികളുടെ പഠനസൗകര്യാർത്ഥം ഏലിലൃമഹ ഈമൈ്യ സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. 1, 2, 3 ക്ലാസുകൾക്കുള്ള ചോദ്യപേപ്പർ പരീക്ഷയ്ക്ക് രണ്ടാഴ്ച മുമ്പ് സൈറ്റിൽ നൽകി. 7–ാം ക്ലാസുകാർക്ക് നടത്തിയ ടങഇഇ പ്രതിഭാ സംഗമത്തിൽ 7–ാം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളും പങ്കെടുത്തു.

2015 ജനുവരി 26–ന് സൺഡേ സ്കൂൾ സർട്ടിഫിക്കറ്റ്, ഒന്നും രണ്ടും വർഷ ഡിപ്ലോമ പൊതുപരീക്ഷകൾ നടന്നു. ഇവയിൽ സർട്ടിഫിക്കറ്റ് പരീക്ഷ, രണ്ടാം വർഷ ഡിപ്ലോമ പരീക്ഷ ഇവയുടെ ഉത്തരക്കടലാസ് അതിരൂപതാ കേന്ദ്രത്തിൽ മൂല്യനിർണയം നടത്തി. 80%ത്തിലധികം മാർക്കു ലഭിച്ച ഉത്തരക്കടലാസുകൾ പുനർ മൂല്യനിർണയം നടത്തി സ്കോളർഷിപ്പിനർഹരായവരെ കണ്ടെത്തി. ഒന്നാം വർഷ ഡിപ്ലോമ ഉത്തരക്കടലാസ് ഇടവകകളിൽ മൂല്യ നിർണയം നടത്തി 70% ലധികം മാർക്കുള്ള പേപ്പറുകൾ അതിരൂപതയിൽ പുനർമൂല്യനിർണയം നടത്തുന്നു. സർട്ടിഫിക്കറ്റ് പരീക്ഷയിൽ 52 പേരും ഡിപ്ലോമ പരീക്ഷയിൽ 44 പേരും സ്കോളർഷിപ്പിനർഹരായി. 2016 ഏപ്രിൽ 30ന് സർട്ടിഫിക്കറ്റ് പുനഃപരിക്ഷയും മേയ് 20നു ഡിപ്ലോമ പുനഃപരീക്ഷയും നടത്തി.

2015 ഡിസംബർ 4നു നടന്ന സന്മാർഗശാസ്ത്രബോധന പൊതുപരീക്ഷയിൽ 80%ത്തിനു മുകളിൽ മാർക്കുള്ള ഉത്തരക്കടലാസുകൾ സ്കോളർഷിപ്പിനുവേണ്ടി സമാഹരിച്ച് അതിരൂപതയിൽ പുനർമൂല്യനിർണയം നടത്തി സ്കോളർഷിപ്പ് നിശ്ചയിച്ചു. 225 പേർ സ്കോളർഷിപ്പിനർഹരായി.

## ‘Decalogue’ Ad Film Contest

2015 – 2016 അധ്യയന വർഷത്തിൽ സൺഡേ സ്കൂൾ യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തിയ Ad Film Contest ൽ ധാരാളം പേർ പങ്കെടുത്തു. പത്തു കല്പനകളെ ആധാരമാക്കിയാണ് മത്സരം നടത്തപ്പെ

ട്ടത്. ശരാശരി നിലവാരം പുലർത്തിയ മത്സരത്തിൽ വിമലഗിരി പള്ളി ഒരുക്കിയ 'അബ്ബാ', അശോകപുരം പള്ളി ഒരുക്കിയ ' The 7th Commandment' യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളും കിഴക്കമ്പലം, കുറുമശ്ശേരി പള്ളികൾ ഒരുക്കിയ 'അതു വേണ്ടാ', 'You shall not Murder' എന്നിവ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 2015 ഡിസംബർ 13ന് മാധ്യമ മതബോധന സിമ്പോസിയവും അവാർഡ് ദാനവും നടത്തി.

## കുട്ടികൾക്ക് ആകർഷകവും അനുഭവവുമായി മാറിയ സ്നേഹോത്സവം 2016

ക്രൈസ്തവ ജീവിതത്തിന്റെ സ്നേഹപ്രമാണം – സ്നേഹോത്സവ പഠന വിഷയം – ലളിതവും ആകർഷകവുമാക്കാൻ ഡെക്കലോഗ് സിഡിയും അദ്ധ്യാപക സഹായിയും വർക്കുബുക്കുകളും വളരെ നേരത്തെതന്നെ തയ്യാറാക്കി ഇടവകകളിൽ എത്തിച്ചു. ആക്ഷൻ സോങ്ങുകളും സ്കിറ്റുകളും ഒപ്പം ഇടവകകളിൽ നിന്ന് തയ്യാറാക്കിയ പവർപോയന്റ് പ്രസന്റേഷനും ഉത്സവപ്രതീതി വർദ്ധിപ്പിക്കാൻ സഹായകമായി. 2016 ഏപ്രിൽ 4 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ സ്നേഹോത്സവം നടത്തി. സ്നേഹോത്സവത്തിന്റെ അവസാനം കുട്ടികളെ വിലയിരുത്താനും അവസരം ഒരുക്കി.

## ഫൊറോനാ ഡയറക്ടേഴ്സ് മീറ്റ്...

2015 ഒക്ടോബർ 29–ാം തീയതി ഫൊറോനാ ഡയറക്ടർമാർ ബഹു. ജിമ്മി അച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി. വിശ്വാസപരിശീലന പരിപാടികൾ മികവുറ്റതാക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു. 2016 ജനുവരി 7–ന് വീണ്ടും ഒന്നിച്ചുകൂടി വരും വർഷത്തിലെ പരിപാടികൾ ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. സ്ഥാനം ഒഴിഞ്ഞ ബഹു. ഡയറക്ടേഴ്സിന് നന്ദിയും പുതിയ ഡയറക്ടേഴ്സിന് ഹൃദ്യമായ സ്വാഗതവും ആശംസിച്ചു. പുതുതായി ചുമതലയേറ്റ മതബോധനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോയ്സ് കൈതക്കോട്ടിലച്ചന്റെ അദ്ധ്യക്ഷതയിൽ 2016 ഏപ്രിൽ 15 ന് ഫൊറോനാ ഡയറക്ടർമാർ ഒരുമിച്ചുകൂടി പുതിയ വർഷത്തെ പരിപാടികൾ ചർച്ച ചെയ്തു.

## മതബോധന എക്സിക്യൂട്ടീവ് മീറ്റിംഗ്

2015 ഡിസംബർ 27–ാം തീയതി മതബോധന എക്സിക്യൂട്ടീവ് കൗൺസിൽ യോഗം കൂടി. അതിരൂപതാ മതബോധനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജിമ്മി പൂച്ചക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ 205–2016 അധ്യയന വർഷത്തിലെ നടപ്പിലാക്കേണ്ട വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. ബഹു. ഡയറക്ടറച്ചൻ മതബോധന എക്സിക്യൂട്ടീവ് അംഗങ്ങളുടെ നിസ്തുല സേവനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നു.

## ജനറൽ കൗൺസിൽ മീറ്റിംഗ്

2015 ഒക്ടോബർ 23–ാം തീയതി അതിരൂപതാ മതബോധന കേന്ദ്രം ഡയറക്ടർ റവ. ഡോ. ജിമ്മി പൂച്ചക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ മതബോധന ജനറൽ കൗൺസിൽ യോഗം നടന്നു. ഓരോ ഫൊറോനയിലും നടത്തിയ വിശ്വാസ പരിശീലന പ്രോഗ്രാമുകളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 2015–2016 അധ്യ

യന വർഷത്തിൽ നടത്തേണ്ട പ്രധാന പ്രോഗ്രാമുകളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. ബഹു. സേവ്യർ കിടങ്ങനച്ചന്റെ സുവർണ്ണ ജൂബിലിയാഘോഷം കൊണ്ടാടി.

2016 ഏപ്രിൽ 17–ാം തീയതി ജനറൽ കൗൺസിൽ യോഗം നടത്തി. മതബോധനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ എല്ലാവരെയും സ്വാഗതം ചെയ്തു പരിചയപ്പെട്ടു. ഫൊറോന പ്രവർത്തനങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്തു.

## മതബോധനകേന്ദ്രം സ്റ്റാഫ് അംഗങ്ങളുടെ ധ്യാനം...

അതിരൂപത മതബോധനകേന്ദ്ര ഓഫീസ് സ്റ്റാഫ് അംഗങ്ങൾ ഒരുമിച്ച് 2015 ഡിസംബർ 14 മുതൽ 18 വരെ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ ധ്യാനിച്ച് ആത്മാഭിഷേകത്തിനായി പ്രാർത്ഥിച്ചു. ആത്മീയവ ളർച്ചയ്ക്കും ജീവിത നവീകരണത്തിനും ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നു.

## മീഡിയ കാറ്റക്കെറ്റിക്കൽ മിനിസ്ട്രി മാധ്യമ മതബോധന പ്രവർത്തനങ്ങൾ

കുട്ടികളെ ഏറെ സ്വാധീനിക്കുന്ന മാധ്യമങ്ങളിലൂടെ തന്നെ വിശ്വാസപഠനങ്ങൾ കുട്ടികൾക്കു പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് മീഡിയാ കാറ്റക്കെറ്റിക്കൽ മിനിസ്ട്രി ഓരോ ചുവടു വയ്പ്പും നടത്തുന്നത്. കഴിഞ്ഞ അധ്യയന വർഷത്തിൽ നാല് പ്രധാനപ്പെട്ട സംരംഭങ്ങളാണ് മീഡിയ കാറ്റ ക്കെറ്റിക്കൽ മിനിസ്ട്രിയുടെ ഭാഗമായി രൂപപ്പെട്ടത്.

1. **ആന്ദത്തിന്റെ സാക്ഷികൾ:** 'ആനന്ദത്തിന്റെ സാക്ഷികൾ' എന്ന പേരിൽ തയ്യാറാക്കിയ ഡോക്യുമെന്ററി എല്ലാ ഇടവകകളിലേക്കും നൽകി.

2. **കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് നൽകുന്ന അദ്ധ്യയനവർഷാരംഭ സന്ദേശം:** സമർപ്പിത വർഷത്തിന്റെ ലക്ഷ്യത്തേയും പ്രാധാന്യത്തേയും കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്ന കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സന്ദേശം ഡോക്യുമെന്ററിയോടൊപ്പം നൽകി. അധ്യയന വർഷത്തിന്റെ ആരംഭദിനത്തിൽ വചന സന്ദേശത്തിനു പകരമായോ, മറ്റേതെങ്കിലും അവസരങ്ങളിലായോ ഇത് കുട്ടികൾക്ക് കാണിച്ചുകൊടുത്തു

3. **എലയോസ്:** വേനലവധിക്കാലത്തെ സ്നേഹോത്സവത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച എലയോസ് ആക്ഷൻസോംഗ് ഡിവിഡിയും, 'Decalogue' Ad Film Contest–ൽ അവാർഡുകൾ ലഭിച്ച 31 ഹ്രസ്വ ചിത്രങ്ങളുടെ സമാഹാരമായ ഡിവിഡിയും, അദ്ധ്യാപക സഹായിയും, വർക്കുബുക്കുകളുമെല്ലാം മീഡിയ കാറ്റക്കെറ്റിക്കൽ മിനിസ്ട്രിയുടെ സംഭാവനകളായി ഈ വർഷം പുറത്തിറങ്ങി. ഇതുകൂടാതെ വിശ്വാസപ രിശീലനത്തിനു സഹായകമായ പവർപോയിന്റ് പ്രസന്റേഷൻസും, വീഡിയോ ക്ലിപ്പുകളും കാറ്റക്കിസം ഓഫീസിലൂടെ നൽകിവരുന്നു.

4. **'Friends of Jesus' നേഴ്സറി പുസ്തകം ഇംഗ്ലീഷ് ഭാഷയിൽ:** ഇളം മനസുകളെ വിശ്വാസത്തിന്റെ വിവിധ മേഖലകളിലേക്ക് കൈ പിടിച്ചു നടത്താൻ സഹായിക്കുന്ന 'ഈശോയുടെ കൂട്ടുകാർ' എന്ന പുസ്തകം ഇംഗ്ലീഷിൽ ലഭ്യമാക്കി.

## നന്ദി.

എറണാകുളം – അങ്കമാലി അതിരൂപതാ മതബോധന കേന്ദ്രം ഡയറക്ടറായി ഏഴു വർഷക്കാലം സ്തുത്യർഹമായ വിധം സേവനം ചെയ്തു ഇപ്പോൾ സീറോ മലബാർ മതബോധന കമ്മീഷൻ സെക്രട്ടറിയായി സേവനം ചെയ്യുന്ന സ്നേഹ ബഹു. ഡോ. ജിമ്മി പൂച്ചക്കാട്ട് അച്ചന് ഏറ്റവും സ്നേഹത്തോടെ, നന്ദിയോടെ പ്രാർത്ഥനാ മംഗളങ്ങൾ. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള പല രൂപതകളിലെ മതബോധന പ്രവർത്തകർക്ക് വഴികാട്ടിയായ ബഹു. ജിമ്മി അച്ചന്റെ ദീർഘ വീക്ഷണത്തോടെയുള്ള കർമ്മ പദ്ധതികൾക്ക് അഭിനന്ദനങ്ങൾ.

എറണാകുളം – അങ്കമാലി അതിരൂപതാ മതബോധന കേന്ദ്രത്തിൽ കഴിഞ്ഞ ആറുവർഷക്കാലത്തെ മഹത്തരമായ സേവനത്തിനുശേഷം തുറവൂരിലെ സെന്റ് ജോസഫ് കോൺവെന്റിലേക്ക് സ്ഥലം മാറിപോയ സി. സെൽജി മരിയയുടെ നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി. പുതിയ കർമ്മവീഥികളിൽ പ്രശോഭിക്കുവാൻ പ്രാർത്ഥനാശംസകൾ നേരുന്നു....

## ഉപസംഹാരം

മതബോധന പ്രവർത്തനങ്ങളിൽ നമ്മോടൊപ്പമുണ്ടായിരുന്ന നമ്മുടെ പ്രിയപ്പെട്ട, നമ്മിൽ നിന്നും മരണംവഴി അകന്നുപോയ മതാദ്ധ്യാപകരേയും ഉപകാരികളേയും അവരുടെ ത്യാഗോജ്ജ്വലമായ പ്രവർത്ത നങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു. നിത്യസൗഭാഗ്യം നൽകി തിരുസന്നിധിയണയാൻ അവരെ അനു ഗ്രഹിക്കണമെന്ന് മതബോധന കുടുംബം ഒന്നാകെ പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ അധ്യയനവർഷത്തിൽ സമർപ്പിത ജീവിതത്തിന്റെ നന്മകളെ അറിയുക എന്നത് പ്രത്യേക ലക്ഷ്യമാക്കി വിശ്വാസപരിശീലനത്തിനു നേതൃത്വം നൽകിയ നിസ്തുലമായ സ്നേഹശുശ്രൂഷകൾ ചെയ്ത ഓരോരുത്തരേയും നന്ദിയോടെ ഓർക്കുന്നു. അഭിവന്ദ്യപിതാക്കന്മാർ, ബഹു. വൈദീകർ, പ്രധാന അദ്ധ്യാപകർ, സെക്രട്ടറിമാർ മതാധ്യാപകർ, മാതാപിതാക്കൾ തുടങ്ങിയവർക്കും ഫൊറോനാ ഡയറ ക്ടർമാർ, ഫൊറോനാ സെക്രട്ടറിമാർ, പ്രമോട്ടർമാർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവർക്കും ഒത്തിരി സ്നേഹത്തോടെ ഹൃദയം നിറഞ്ഞ നന്ദി.....

സി. ആനീസ് തെക്കിനിയൻ SABS, സി. സെൽജി മരിയ FCC

**അതിരൂപത മതബോധന കേന്ദ്രം സെക്രട്ടറിമാർ**

